പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1333 02.05.2017 -ൽ മറുപടിക്ക്

## ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. വി.കെ.സി. മമ്മത് കോയ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ഫറോക്കിലുള്ള ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; | (എ) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പു സുൽത്താൻ കോട്ടയുമായി ബന്ധപ്പെട്ട് ബഹു ഹൈക്കോടതിയിൽ 1989/2010 നമ്പരായി കേസ് നിലവിലുള്ളതിനാൽ ടി കോട്ടയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത കോട്ടയുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുള്ള സ്ഥലം എത്രയാണെന്ന് വില്ലേജും സർവ്വെ നമ്പരും സഹിതം വ്യക്തമാക്കാമോ ; | (ബി) | കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജിൽ സർവ്വെ 1661 ൽ ഉൾപ്പെട്ട 3.1323 ഹെക്ടർ സ്ഥലം പുരാവസ്തു സംരക്ഷണ നിയമ പ്രകാരം സംരക്ഷിത സ്മാരകമാക്കി കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും അനധികൃതമായ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) | അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ